Focus Area Based

**Test -08**

# SSLC Top Test Series

## Chemistry

Time : 45 Mnts

**Std. 10** **Type - A** (Chap. 1, 2, 3, 4) **Score : 20**

നിർദ്ദേശങ്ങൾ

- ഓരോ ചോദ്യവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ വായിച്ചു മനസ്സിലാക്കി വേണം ഉത്തരമെഴുതാൻ
- ഏഴ് മിനിട്ട് സമാശ്വാസ സമയമായി കണക്കാക്കി ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ച് മനസ്സിലാക്കാൻ ശ്രമിക്കണം.

**1 മുതൽ 4 വരെ ഏതെങ്കിലും മൂന്നെണ്ണത്തിന് ഉത്തരം എഴുതുക. 1 മാർക്ക്** (1 x 3 = 3 )

1. നാലാമത്തെ ഷെല്ലിലെ ഏത് സബ്ഷെല്ലിനാണ് ഏറ്റവും കൂടുതൽ ഊർജ്ജം ഉള്ളത്?
2. ഇരുമ്പിന്റെ അയിര് ഏതാണ്?
3. $3.011 \times 10^{23}$ ജലതന്മാത്രകളുടെ ($H_2O$) മാസ് എത്ര?
4. നിരോക്സീകരണം നടക്കുന്ന ഇലക്ട്രോഡ്...............

**5 മുതൽ 9 വരെ ഏതെങ്കിലും നാലെണ്ണത്തിന് ഉത്തരം എഴുതുക. 2 മാർക്ക്**

5. കലാമിൻ ഒരു അയിരാണ്.
   a. ഏത് ലോഹത്തിന്റെ അയിരാണ് കലാമിൻ?
   b. ഇത് കാൽസിനേഷന് വിധേയമാകുമ്പോൾ നടക്കുന്ന രാസപ്രവർത്തനസമവാക്യം എഴുതുക.
6. 3 ഷെല്ലുകൾ ഉള്ള ഒരു മൂലകത്തിന്റെ ബാഹ്യതമ സബ്ഷെല്ലിൽ 4 ഇലക്ട്രോണുകൾ ഉണ്ട്.
   a. മൂലകത്തിന്റെ അറ്റോമികനമ്പർ എഴുതുക.
   b. ഇതിന്റെ സബ്ഷെൽ ഇലക്ട്രോൺ വിന്യാസം എഴുതുക.
7. ഗാൽവനിക് സെല്ലുമായി ബന്ധപ്പെട്ട് ചുവടെ കൊടുത്തിരിക്കുന്ന പ്രസ്താവനകളിൽ ശരിയായവ എടുത്തെഴുതുക.
   a. ഇലക്ട്രോണുകളുടെ പ്രവാഹം കാഥോഡിൽ നിന്ന് ആനോഡിലേക്കാണ്.
   b. കാഥോഡിന് പോസിറ്റീവ് ചാർജ്ജ് ഉണ്ട്.
   c. രാസോർജ്ജം വൈദ്യുതോർജ്ജമായി മാറുന്നു
   d. ക്രിയാശീലശ്രേണിയിൽ താഴെയുള്ള ലോഹം ആനോഡായി പ്രവർത്തിക്കുന്നു.
8. 18g ജലത്തിലെ ആറ്റങ്ങളുടെ എണ്ണം കാണുക. ($H_2O$) [H-1, O-16]
9. $AgNO_3$ ലായനിയിൽ സിങ്ക് ദണ്ഡ് ഇറക്കിവച്ചാൽ ആദേശരാസ പ്രവർത്തനം നടക്കുന്നു. ഈ റിഡോക്സ് പ്രവർത്തനത്തിന്റെ രാസസമവാക്യം എഴുതുക.

**10 മുതൽ 13 വരെ ഏതെങ്കിലും മൂന്ന് ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക. 3 മാർക്ക്**

10. a. 11.1g $CaCl_2$ ലെ തന്മാത്രകളുടെ എണ്ണം കാണുക.
    b. ഇതിലെ ആറ്റങ്ങളുടെ എണ്ണം എത്ര?
    c. ഇത്രയും $CO_2$ തന്മാത്രകൾ എടുത്താൽ അതിന്റെ STP യിലെ വ്യാപ്തം കാണുക.
    (സൂചന : Ca - 40, Cl - 35.5)
11. a. ഇരുമ്പ് നിർമ്മിക്കുമ്പോൾ ബ്ലാസ്റ്റ് ഫർണസിൽ ചേർക്കുന്ന പദാർത്ഥങ്ങൾ ഏതൊക്കെയാണ്?
    b. ഇരുമ്പിന്റെ അയിരിലെ ഗാങ്ങായ $SiO_2$ നീക്കം ചെയ്യുന്നത് എങ്ങനെയാണ്?
12. ഒരു ആറ്റത്തിന്റെ ഇലക്ട്രോൺ വിന്യാസം $[Ar]4S^1$ ആണ്.
    a) ഇതിന്റെ ആറ്റോമിക നമ്പർ എത്രയാണ്?
    b) ഈ മൂലകത്തിന്റെ ഗ്രൂപ്പും പീരിയഡും കാണുക.
13. a. NaCl ലായനിയിലെ അയോണുകൾ ഏതൊക്കെയാണ്?
    b. NaCl ലായനിയിൽ അല്പം ഫിനോഫ്തലീൻ ചേർക്കുന്നു. ഈ ലായനി വൈദ്യുതവിശ്ലേഷണം ചെയ്യുമ്പോൾ ഉണ്ടാകുന്ന നീരീക്ഷണങ്ങൾ എഴുതുക. ഇതിന്റെ കാരണം വിശദീകരിക്കുക.

## Type - B

**1 മുതൽ 4 വരെ ഏതെങ്കിലും മൂന്ന് ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക. 1 മാർക്ക്**1.

1. ഉരുകിയ സോഡിയം ക്ലോറൈഡിനെ വൈദ്യുതവിശ്ലേഷണം ചെയ്താൽ ആനോഡിൽ ഉണ്ടാകുന്നത് എന്ത്?
2. ചുവടെ കൊടുത്തിട്ടുള്ള ഏത് സബ്ഷെല്ലിലാണ് പരമാവധി 10 ഇലക്ട്രോണുകളെ ഉൾക്കൊള്ളിക്കാൻ കഴിയുന്നത്?

   [f, s, d, p]
3. ഇരുമ്പിന്റെ കാന്തികസ്വഭാവമുള്ള അയിര് ഏതാണ്?
4. 12g കാർബണിലെ ആറ്റങ്ങളുടെ എണ്ണം ______ (C-12).

(P.T.O.)

**5 മുതൽ 9 വരെ ഏതെങ്കിലും നാലെണ്ണത്തിന് ഉത്തരം എഴുതുക. 2 മാർക്ക്**

5. ചുവടെ കൊടുത്തിരിക്കുന്നവയ്ക്ക് കാരണം എഴുതുക.
   a. അലുമിനീയം പാത്രങ്ങളുടെ നിറം മങ്ങുന്നു
   b. നേർപ്പിച്ച HCl - ൽ മഗ്നീഷ്യം ഇടുമ്പോൾ കുമിളകൾ ഉണ്ടാകുന്നു
6. a. ചുവടെ കൊടുത്തിരിക്കുന്നവയിൽ ഏതാണ് $_{24}Cr$ ന്റെ ഇലക്ട്രോൺ വിന്യാസം?
   (i) $[Ar]3d^4 4s^2$ (ii) $[Ar]3d^5 4s^1$
   b. $Cr^{3+}$ അയോണിന്റെ സബ്ഷെൽ ഇലക്ട്രോൺ വിന്യാസം എഴുതുക.
7. a. ബോയിൽ നിയമം എഴുതുക.
   b. ബോയിൽ നിയമപ്രകാരം ............... = ഒരു സ്ഥിരസംഖ്യയായിരിക്കും.
8. ക്രിയാശീലം കൂടി വരുന്ന ക്രമത്തിൽ എഴുതുക.
   [Ag, Mg, Au, Zn]
9. ചില ലോഹങ്ങളുടെ അയിരുകളെ റോസ്റ്റിംഗിന് വിധേയമാക്കാറുണ്ട്. ഇതുകൊണ്ടുള്ള പ്രയോജനങ്ങൾ എന്തൊക്കെയാണ്?

**10 മുതൽ 13 വരെ ഏതെങ്കിലും മൂന്ന് ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക. 3 മാർക്ക്**

10. a. $NaNO_3$ യുടെ GMM കാണുക. (Na - 23, N - 14, O - 16)
    b. 17g $NaNO_3$ യിലെ തന്മാത്രകളുടെയും ആറ്റങ്ങളുടെയും എണ്ണം കാണുക.
11. a. അലുമിനിയം നിർമ്മാണത്തിൽ $Al_2O_3$ ഉരുകിയ ക്രയോലൈറ്റ് ചേർത്ത് വൈദ്യുതവിശ്ലേഷണം ചെയ്യുന്നു. ഉരുകിയ ക്രയോലൈറ്റ് ചേർക്കുന്നതിന്റെ ആവശ്യം എന്ത്?
    b. ഈ പ്രക്രിയയിൽ കാഥോഡിൽ നടക്കുന്ന പ്രവർത്തനം എഴുതുക.
12. Cuന്റെ ആറ്റോമികനമ്പർ 29 ആണ്.
    a) ഈ മൂലകത്തിന്റെ സബ്ഷെൽ ഇലക്ട്രോൺ വിന്യാസം എഴുതുക.
    b) $Cu^-$ , $Cu^{2+}$ എന്നീ അയോണുകളുടെ സബ്ഷെൽ ഇലക്ട്രോൺ വിന്യാസം എഴുതുക.
13. ചുവടെ കൊടുത്തിരിക്കുന്നവ വിശദീകരിക്കുക
    a. ഇലക്ട്രോലൈറ്റ് b. ഗാൽവനിക് സെൽ c. ക്രിയാശീലശ്രേണി

# Type - C

**1 മുതൽ 4 വരെ ഏതെങ്കിലും മൂന്ന് ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക. 1 മാർക്ക്**

1. അയിരുകൾ എന്നാൽ എന്ത്?
2. ഓക്സിജന്റെ സബ്ഷെൽ ഇലക്ട്രോൺ വിന്യാസം എഴുതുക. (ആറ്റോമിക നമ്പർ 8)
3. 1 ഗ്രാം ഹൈഡ്രജനിലെ ആറ്റങ്ങളുടെ എണ്ണം എഴുതുക.
4. Mg-Feസെല്ലിൽ ഇലക്ട്രോൺ പ്രവാഹം_______ ൽ നിന്ന് _______ലേക്കാണ്.

**5 മുതൽ 9 വരെ ഏതെങ്കിലും 4 ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.**

5. ഉരുകിയ സോഡിയം ക്ലോറൈഡിന്റെ വൈദ്യുതവിശ്ലേഷണം പരിഗണിക്കുക
   a. സോഡിയം ക്ലോറൈഡിന്റെ അയോണീകരണ സമവാക്യം എഴുതുക.
   b. ഉണ്ടാകുന്ന അയോണുകളിൽ പോസിറ്റീവ് ഇലക്ട്രോഡിലേക്ക് ആകർഷിക്കപ്പെടുന്ന അയോൺ ഏതാണ്?
6. സാന്ദ്രീകരിച്ച അയിരിനെ ഓക്സൈഡാക്കി മാറ്റുന്നതിനുള്ള 2 മാർഗ്ഗങ്ങൾ എഴുതുക.
7. ചുവടെ കൊടുത്തിരിക്കുന്ന സബ്ഷെല്ലുകളെ ഊർജ്ജം കൂടി വരുന്ന ക്രമത്തിൽ എഴുതുക.
   3d 1s 4p 4s 5s 4f 3p 6s
8. 98g $H_2SO_4$ ഒരു ബോട്ടിലിൽ സൂക്ഷിച്ചിരിക്കുന്നു.
   a) $H_2SO_4$ന്റെ GMM കാണുക.
   b) 98g $H_2SO_4$ൽ എത്ര തന്മാത്രകൾ ഉണ്ടാകും?
9. s- ബ്ലോക്ക് മൂലകങ്ങളുടെ 4 പ്രത്യേകതകൾ എഴുതുക.

**10 മുതൽ 13 വരെ ഏതെങ്കിലും 3 ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക. 3 മാർക്ക്**

10. M എന്ന മൂലകത്തിന്റെ ഇലക്ട്രോൺ വിന്യാസം $[Ar]3d^3 4s^2$ എന്നാണ്.
    a. ഇതിന്റെ പൂർണ്ണമായ സബ്ഷെൽ ഇലക്ട്രോൺ വിന്യാസം എഴുതുക.
    b. $M^{2+}$ അയോണിന്റെ സബ്ഷെൽ ഇലക്ട്രോൺ വിന്യാസം എഴുതുക.
    c. മൂലകത്തിന്റെ ഗ്രൂപ്പും പീരിയഡും എഴുതുക.
11. ചില സംയുക്തങ്ങൾ ചുവടെ കൊടുത്തിരിക്കുന്നു.
    a. 200 ഗ്രാം $CaCO_3$ b. 10 ഗ്രാം ഹൈഡ്രജൻ വാതകം c. 5 മോൾ $CO_2$
    b. ഇവയെ ആറ്റങ്ങളുടെ എണ്ണം കുറഞ്ഞുവരുന്ന ക്രമത്തിൽ എഴുതുക
12. ചുവടെ കൊടുത്തിട്ടുള്ളവ വിശദീകരിക്കുക.
    a) ആനോഡ് b) ഗാൽവാനിക് സെൽ
13. a. കോപ്പർ ശുദ്ധീകരിക്കുന്നതിന് ഉപയോഗിക്കുന്ന മാർഗ്ഗം ഏത്?
    b. ഇതിന് ഉപയോഗിക്കുന്ന ലായനി ഏതാണ്?
    c. ഈ പ്രവർത്തനത്തിലെ രാസസമവാക്യങ്ങൾ എഴുതുക.

Focus Area Based **Test -18**

# SSLC Top Test Series

## Chemistry

**Time : 45 Mnts**

**Std. 10** **Type - A** (Chap. 5, 6, 7) **Score : 20**

നിർദ്ദേശങ്ങൾ

- ഓരോ ചോദ്യവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ വായിച്ചു മനസ്സിലാക്കി വേണം ഉത്തരമെഴുതാൻ
- ഏഴ് മിനിട്ട് സമാശ്വാസ സമയമായി കണക്കാക്കി ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ച് മനസ്സിലാക്കാൻ ശ്രമിക്കണം.

**1 മുതൽ 4 വരെ ഏതെങ്കിലും മൂന്നെണ്ണത്തിന് ഉത്തരം എഴുതുക. 1 മാർക്ക്** **(1 x 3 = 3 )**

1. അമോണിയം ക്ലോറൈഡിനെ ചൂടാക്കുമ്പോൾ ............, ................ എന്നിവ ഉണ്ടാകുന്നു.
2. ആദേശരാസപ്രവർത്തനങ്ങൾ എന്തെന്ന് വിശദീകരിക്കുക.
3. വ്യാവസായികമായി സോപ്പ് നിർമ്മിക്കുമ്പോൾ ലഭിക്കുന്ന ഉപോൽപന്നം..............
4. എന്താണ് ഫങ്ഷണൽ ഗ്രൂപ്പുകൾ?

**5 മുതൽ 9 വരെ ഏതെങ്കിലും 4 ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക. 2 മാർക്ക്**

5. 2, 2 - ഡൈമീതൈൽ പെന്റെയ്ൻ എന്ന സംയുക്തത്തിൽ
   a. ഏതെല്ലാം മൂലകആറ്റങ്ങൾ ഉണ്ട്?
   b. ഇതിന്റെ ഒരു ഐസോമെറിന്റെ ഘടന എഴുതുക
6. സൾഫ്യൂറിക് ആസിഡിന്റെ 2 പ്രധാന ഉപയോഗങ്ങൾ എഴുതുക
7. ബ്യൂട്ട് - 2 - ഈൻ ഒരു ദ്വിബന്ധനമുള്ള ഒരു അപൂരിത ഹൈഡ്രോ കാർബൺ ആണ്.
   a. ദ്വിബന്ധനമുള്ള അപൂരിത ഹൈഡ്രോകാർബണുകൾ എന്തു പേരിലാണറിയപ്പെടുന്നത്?
   b. ബ്യൂട്ട് - 2 - ഈനിന്റെ HCl മായുള്ള അഡീഷൻ പ്രവർത്തനത്തിന്റെ രാസസമവാക്യം എഴുതുക.
8. a) $CH_2=CH_2+H_2 \rightarrow$ ______
   b) ഇത്തരം രാസപ്രവർത്തനങ്ങൾ.......... എന്ന പേരിൽ അറിയപ്പെടുന്നു.
9. $N_{2(g)} + O_{2(g)} \rightleftharpoons 2NO_{(g)}$ എന്ന ഉഭയദിശാ പ്രവർത്തനത്തിൽ മർദ്ദത്തിന്റെ സ്വാധീനം വിശദീകരിക്കുക.

**10 മുതൽ 13 വരെ ഏതെങ്കിലും മൂന്ന് ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക. 3 മാർക്ക്**

10. $CH_3 - CH_2 - CH - CH_2 - CH - CH_3$

    (CH at positions 3 and 5 each bearing a branch: l $CH_3$, l $CH_3$)

    $CH_3$ $CH_3$ എന്ന സംയുക്തം പരിഗണിക്കുക
    a. ഈ സംയുക്തത്തിലെ നീളം കൂടിയ കാർബൺ ചെയിൻ IUPAC നിയമപ്രകാരം നമ്പർ ചെയ്യുക. ഏത് നിയമപ്രകാരമാണ് നമ്പർ ചെയ്തത്?
    b. ഈ സംയുക്തത്തിന്റെ IUPAC പേര് എഴുതുക
11. $A_{(g)} + 2B_{(g)} \rightleftharpoons 2C_{(g)} + 2D_{(g)}$ + താപം എന്ന ഉഭയദിശാ പ്രവർത്തനത്തിൽ ചുവടെ കൊടുത്തിരിക്കുന്ന മാറ്റങ്ങൾ പുരോപ്രവർത്തനത്തെ എങ്ങനെ സ്വാധീനിക്കുന്നുവെന്നു വിശദീകരിക്കുക.
    a. താപനില കുറയ്ക്കണം. b. B കൂടുതൽ ചേർക്കുന്നു c. മർദ്ദം വർദ്ധിപ്പിക്കുന്നു
12. 2 -മീതൈൽ ബ്യൂട്ടെയ്നിന്റെ ഘടന എഴുതുക.
13. ചുവടെ കൊടുത്തിരിക്കുന്ന സംയുക്തങ്ങളുടെ IUPAC പേരെഴുതുക
    a. $CH_3 - CH - CH - CH_3$ (both CH bearing l Br)

       Br Br

    b. HCOOH
    c. $CH_3 - O - CH_2 - CH_2$

# Type - B

**1 മുതൽ 4 വരെ ഏതെങ്കിലും മൂന്ന് ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക. 1 മാർക്ക്**

1. ചുവടെ കൊടുത്തിട്ടുള്ളവയിൽ ആൽക്കീൻ വിഭാഗത്തിൽപെടുന്നത് ഏത്?

   [$C_2H_6$ $C_2H_2$ $C_3H_6$]
2. അമോണിയയുടെ മാസസ്വഭാവം...............(അസിഡിക്/ബേസിക്/നിർവീര്യം)
3. പ്രകൃതിദത്ത റബ്ബറിന്റെ മോണോമെർ ഏത്?
4. മെതനോളിന്റെ ഘടന________

**5 മുതൽ 9 വരെ ഏതെങ്കിലും 4 ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക. 2 മാർക്ക്**

5. 3 കാർബൺ ആറ്റങ്ങൾ ഉള്ള ആൽക്കൈനിന്റെ ഘടന എഴുതുക?
   ഈ സംയുക്തത്തിന്റെ IUPAC പേര് എഴുതുക
6. ഗ്ലൂക്കോസിൽ ($C_6H_{12}O_6$) ഗാഢ സൾഫ്യൂറിക് ആസിഡ് ചേർക്കുന്നു

(P.T.O.)

a. ഈ പ്രവർത്തനത്തിലെ നിരീക്ഷണം എഴുതുക
b. സൾഫ്യൂറിക് ആസിഡിന്റെ എന്ത് സ്വഭാവമാണ് ഇതിന് കാരണം?

7. എതനോളിന്റെ 2 ഉപയോഗങ്ങൾ എഴുതുക

8. a) ലെ-ഷാറ്റ്ലിയർ തത്വം എഴുതുക.
b) മർദം വർദ്ധിപ്പിച്ചാൽ ചുവടെ കൊടുത്തിരിക്കുന്ന സംതുലനാവസ്ഥയ്ക്ക് എന്ത് സംഭവിക്കും?

$$H_2 + I_2 \rightleftharpoons 2HI$$

9. ചുവടെ കൊടുത്തിരിക്കുന്ന സംയുക്തങ്ങളുടെ പേര് എഴുതുക.

a. $CH_3 - CH_2 - CH - CH_2 - CH_3$
  |
  $CH_2 - CH_2 - CH_3$

b. $CH_3 - CH - CH_3$
  |
  OH

**10 മുതൽ 13 വരെ ഏതെങ്കിലും മൂന്ന് ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക. 3 മാർക്ക്**

10. ഒരു അഡീഷൻ പ്രവർത്തനത്തിന്റെ സമവാക്യം ചുവടെ കൊടുത്തിരിക്കുന്നു.

$$CH_3 - CH = CH - CH_3 + HBr \rightarrow (A)$$

a. A എന്ന സംയുക്തത്തിന്റെ ഘടന എഴുതുക
b. A എന്ന സംയുക്തത്തിന്റെ പൊസിഷൻ ഐസോമെറിന്റെ ഘടനയും IUPAC പേരും എഴുതുക

11. സംതുലനാവസ്ഥയുടെ 3 സവിശേഷതകൾ എഴുതുക

12. ചുവടെ കൊടുത്തിരിക്കുന്ന സംയുക്തങ്ങളുടെ പേര് എഴുതുക.

a) $CH_3\text{-}O\text{-}CH_3$
b) $CH_3\text{-}CH_2\text{-}CH\text{-}CH_2\text{-}CH_3$
  |
  $CH_2\text{-}CH_3$
c) $CH_3\text{-}CH_2\text{-}CH_2\text{-}OH$

13. a. എന്താണ് സോപ്പ്?
b. ഡിറ്റർജന്റുകളുടെ ഗുണങ്ങൾ എന്താണ്?

# Type - C

**1 മുതൽ 4 വരെ ഏതെങ്കിലും മൂന്ന് ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക. 1 മാർക്ക്**

1. പരീക്ഷണശാലയിൽ അമോണിയ നിർമ്മിക്കുമ്പോൾ CaOന്റെ ഉപയോഗം എന്താണ്?
2. ആൽക്കെയ്നുകളുടെ പൊതുവാക്യം എന്താണ്?
3. ബ്യൂട്ടെയ്നിന്റെ ഘടനാവാക്യം എഴുതുക
4. ജലത്തിൽ അമോണിയയുടെ ലേയത്വം.............

(കുറവ്, കൂടുതൽ, ലയിക്കുന്നില്ല)

**5 മുതൽ 9 വരെ ഏതെങ്കിലും 4 ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക. 2 മാർക്ക്**

5. ഒരു ഉഭയദിശാ പ്രവർത്തനത്തിൽ രണ്ട് പ്രവർത്തനങ്ങൾ ഉണ്ടാകും.
ഏതൊക്കെയാണ് ഈ പ്രവർത്തനങ്ങൾ?
എന്തുകൊണ്ടാണ് ഉഭയദിശാപ്രവർത്തനങ്ങൾ സംതുലനാവസ്ഥയിലെത്തുന്നത്?

6. ചില ഓർഗാനിക് സംയുക്തങ്ങളുടെ ഘടനകൾ ചുവടെ കൊടുത്തിരിക്കുന്നു. അവയുടെ IUPAC നാമങ്ങൾ എഴുതുക.

a. $CH_3 - CH_2 - Cl$  b. $CH_3 - OH$
c. $CH_3 - CH_2 - CH_2 - I$  d. $CH_3 - O - CH_3$

7. സൾഫ്യൂറിക് ആസിഡിന്റെ നിർജലീകരണ സ്വഭാവത്തിന് രണ്ടു ഉദാഹരണങ്ങൾ എഴുതുക.
8. ലിക്കർ അമോണിയ, ലിക്വിഡ് അമോണിയ എന്നിവ തമ്മിലുള്ള വ്യത്യാസം എന്ത്?
9. ചുവടെ കൊടുത്തിരിക്കുന്നവയുടെ മോണോമെറുകളുടെ പേരെഴുതുക

a. ടെഫ്ളോൺ  b. പോളിത്തീൻ

**10 മുതൽ 13 വരെ ഏതെങ്കിലും മൂന്ന് ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക. 3 മാർക്ക്**

10. ചില സംയുക്തങ്ങളുടെ പേരുകൾ ചുവടെ കൊടുത്തിരിക്കുന്നു. അവയുടെ ഘടനകൾ എഴുതുക

a. 2, 2 - ഡൈമീതൈൽപ്രൊപ്പെയ്ൻ  b. പെന്റെനോയിക് ആസിഡ്
c. 2, 2, 3 - ട്രൈമീതൈൽഒക്ടെയ്ൻ

11. മീതെയ്ൻ സൂര്യപ്രകാശത്തിന്റെ സാന്നിദ്ധ്യത്തിൽ ക്ലോറിനുമായി പ്രവർത്തിച്ച് ക്ലോറോമീതെയ്ൻ, ഡൈക്ലോറോമീതെയ്ൻ എന്നിവ ഉണ്ടാകുന്ന പ്രവർത്തനങ്ങളുടെ രാസസമവാക്യങ്ങൾ എഴുതുക.
12. ഏകദിശാപ്രവർത്തനങ്ങളും ഉഭയദിശാപ്രവർത്തനങ്ങളും തമ്മിലുള്ള വ്യത്യാസം എന്ത്?
13. ചുവടെ കൊടുത്തിരിക്കുന്നവ ഓരോന്നും എന്തെന്ന് വിശദീകരിക്കുക

a. മൊളാസസ്  b. ഫെർമെന്റേഷൻ  c. വിനാഗിരി